## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 988** **01.03.2017-ലെ മറുപടി**

## ഗാർഹിക ജല കണക്ഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.കെ.ഡി. പ്രസേനൻ : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | ഗാർഹിക ജല കണക്ഷൻ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; | എ വരൾച്ചാ പ്രതിരോധത്തിന്റെ ഭാഗമായി പ്രതിമാസം 50 കിലോ ലിറ്ററിനു മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾക്ക് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി | ജല കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ? | ബി ഗാർഹിക കണക്ഷനുകൾ എടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ലഘൂകരിച്ചു കൊണ്ട് 2013-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി | എല്ലാ പഞ്ചായത്തിലും ശുദ്ധജലം എത്തിക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ? | സി കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും ശുദ്ധീകരിച്ച കുടിവെള്ളം എത്തിക്കാനാണ് ജല അതോറിറ്റി ലക്ഷ്യമിടുന്നത്. 941 പഞ്ചായത്തുകൾ ഉള്ളതിൽ 472 പഞ്ചായത്തുകളിൽ ശുദ്ധീകരണ ശാലയോടു കൂടിയ പദ്ധതികൾ നിലവിലുണ്ട്. കൂടാതെ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ പൂർത്തിയാകുമ്പോൾ 210 പഞ്ചായത്തുകളിൽ കൂടി ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാകും. ബാക്കി വരുന്ന 259 പഞ്ചായത്തുകൾക്കുള്ള പദ്ധതികൾ ഘട്ടം ഘട്ടമായി ഏറ്റെടുക്കുന്നതാണ്. 2016-17-ലെ ബജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ (കിഫ്ബി) ഉൾപ്പെടുത്തി. 1257.1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി 68 പഞ്ചായത്തുകൾക്കും 13 മുൻസിപ്പാലിറ്റികൾക്കും കൂടി പ്രയോജനം ലഭിക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ